## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6155** **10-07-2012 - ലെ മറുപടിയ്ക്ക്**

## നാളികേരത്തിന്റെയും കൊപ്രയുടേയും വിലയിടിവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, എളമരം കരീം<br>,, കെ. കുഞ്ഞിരാമൻ (ഉദുമ)<br>,, കെ. വി. വിജയദാസ് | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | നാളികേരത്തിന്റെയും കൊപ്രയുടേയും വിലയിടിവ് 30 ലക്ഷത്തോളം വരുന്ന കേരളത്തിലെ കർഷകർക്ക് ഭീമമായ നഷ്ടം ഉണ്ടാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി സർക്കാരിനുണ്ടോ; | (ബി) | കൊപ്രയ്ക്ക് കേന്ദ്ര സർക്കാർ 2012 സീസണിലേയ്ക്ക് പ്രഖ്യാപിച്ചിട്ടുള്ള ക്വിന്റലിന് 5100/- രൂപ (മില്ലിംഗ് കൊപ്രയ്ക്ക്) നിരക്കിലും 5350/- രൂപ (ഉണ്ട കൊപ്രയ്ക്ക്) നിരക്കിലും, പൊതിച്ച നാളികേരം 1400/- രൂപ നിരക്കിലും സംഭരിക്കാൻ 03-02-2012 ലെ സർക്കാർ ഉത്തരവ് നമ്പർ 22/2012/എഡി പ്രകാരം തീരുമാനിക്കുകയും അതുപ്രകാരം നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ് ഫെഡും മുഖേന കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും കൊപ്ര സംഭരിച്ചു വരുന്നു. |
| (സി) | കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കാൻ വല്ല ശ്രമവും നടത്തിയിട്ടുണ്ടോ? | (സി) | കേരളത്തിലെ ഉയർന്ന കൃഷി ചെലവിനെ ആസ്പദമാക്കി 2012 സീസണിലേക്ക് മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5750/- രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 6230/- രൂപയും താങ്ങുവില നിശ്ചയിക്കേണ്ടതാണ് എന്നും ആയതിലേക്ക് ആവശ്യമായ ശുപാർശകൾ |

കേന്ദ്ര കാർഷിക ചിലവ്-വില നിർണ്ണയ കമ്മീഷ(സി.എ.സി.പി)നോട് കേരള സർക്കാർ ശക്തമായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ 2012 സീസണിലേക്ക് പ്രഖ്യാപിച്ച താങ്ങുവില മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100/- രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350/- രൂപയും പൊതിച്ച നാളികേരം ക്വിന്റലിന് 1400/- രൂപയും ആണ്. കേരള സർക്കാരിന്റെ നിരന്തര പരിശ്രമത്തിന്റെ ഫലമായാണ് കേരളത്തിന്റെ ദീർഘകാല ആവശ്യമായ പൊതിച്ച നാളികേരത്തിന് ആദ്യമായി കേന്ദ്ര സർക്കാർ തറവില പ്രഖ്യാപിച്ചത്.

സെക്ഷൻ ഓഫീസർ